| 238 | മൂവാറ്റുപുഴ നഗരസഭ വാർഷിക പദ്ധതി 2024-25 മനക്കക്കടവ് റോഡ് അറ്റകുറ്റപ്ഫണികൾ- വാർഡ്12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 337158 | 0 | 337158 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 239 | വാർഡ് 17 ലെ കോളനി റ്റു പണ്ടിരിമല റോഡ് സഞ്ചാരയോഗ്യമാക്കൽ | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 240 | കുന്നപ്പിള്ളിമല കോളനി സംരക്ഷണ ഭിത്തി നിർമ്മാണം ബാലൻസ് വർക്ക് വാർഡ് 12 | 0 | 530000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 530000 |
| 242 | വാർഡ് 23 ലെ പ്രകാശ് റോഡ് കണ്ടവത്ത് ലെയിൻ 1 റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 337158 | 0 | 337158 |
| 243 | വാർഡ്23 ലെ അങ്കണവാടി മെയിന്റനൻസ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 244 | ആയുർവ്വേദ ആശുപത്രി ചുറ്റുമതിൽ ഉദ്യാനംവാഷ് ഏരിയ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 0 | 800000 |
| 245 | ഇട്ടുണ്ണാൻ പാട ശേഖരത്തിന് കൾവേർട്ട് -ഉം റാമ്പും തോടിനു സംരക്ഷണ ഭിത്തി കെട്ടൽ- വാർഡ് 20 | 700000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 |
| 246 | ഗവ ജെ ബി സ്കൂൾ അറ്റകുറ്റപ്പണികളും ഓടയ്ക്ക് കവറിംഗ് സ്ലാബും | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 247 | ഷീലോഡ്ജിൻ്റെ അറ്റകുറ്റപ്പണികൾ | 394904 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 394904 |
| 248 | അർബൻ ഹെൽത്ത് വെൽനെസ് കേന്ദ്രങ്ങളിൽ മാർഗ്ഗരേഖ പ്രകാരമുള്ള ബ്രാന്റിംഗ് നടത്തൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 249 | ഈസ്റ്റ് ഹൈ സ്കൂൾ പില്ലർ മെയിന്റെനൻസ്- വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 240000 | 0 | 0 | 240000 |
| 250 | മുനിസിപ്പൽ പാർക്കിൽ വനിതാ ജിംനേഷ്യം സ്ഥാപിക്കൽ | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 251 | മാലിന്യ നിക്ഷേപം തടയുന്നതിന് ഡംപിംഗ് പോയിൻ്റുകളിൽ ക്യാമറ സ്ഥാപിക്കൽ | 0 | 0 | 0 | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 252 | വാർഡ് 7 ലെ എൻ എസ് എസ് റോഡ്- ജനശക്തി റോഡുകളുടെ അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 337158 | 0 | 337158 |
| 253 | വാർഡ് 22 ലെ വാട്ടർ അതോറിറ്റി ശിവൻകുന്ന് ബ്രാഞ്ച് റോഡ് കാവുംപടി പുഴക്കരക്കടവ് ബ്രാഞ്ച് റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 337158 | 0 | 337158 |
| 254 | വാർഡ് 12 ലെ വെട്ടിക്കാട്ട് അമ്പാട്ട്ജംഗ്ഷൻ റോഡ് കട്ടവിരിക്കലും സംരക്ഷണഭിത്തി നിർമ്മാണവും | 0 | 0 | 0 | 378308 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 378308 |
| 255 | ചള്ളിച്ചാൽ റോഡ് അറ്റകുറ്റപണികൾ വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 88535 | 0 | 88535 |
| 256 | ഓഫീസ് ആവശ്യത്തിന് ഈ സ്കൂട്ടർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 175000 | 0 | 0 | 0 | 0 | 0 | 0 | 175000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 257 | ഡയാലിസിസിന് ധനസഹായം | 97550 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 97550 |
| 258 | പാലിയേറ്റീവ് പരിചരണ പദ്ധതി | 624152 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 624152 |
| 259 | ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കാഴ്ച പരിമിതിയുള്ളവർക്ക് ലാപ്ടോപ്പ് | 115000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 115000 |
| 260 | ഭിന്നശേഷി പെട്ടവർക്ക് മുച്ചക്ര വാഹനം നൽകൽ -പട്ടിക ജാതി വിഭാഗം | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 261 | ടൌൺഹാൾ നവീകരണം | 0 | 0 | 0 | 5000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 5000000 |
| 262 | ഭൂരഹിതരായ അതിദരിദ്രർക്ക് ഭൂമി വാങ്ങൽ | 200000 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 1700000 |
| 263 | പട്ടികജാതി വിഭാഗക്കാരുടെ വീട് മെയിന്റനൻസ് | 0 | 750000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 750000 |
| 264 | അതിദരിദ്ര കുടുംബങ്ങൾക്ക് വീടിന് വാടക നൽകൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 265 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 120430 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 120430 |
| 266 | ഗാർഹിക ഉറവിടമാലിന്യ ഉപാധികളുടെ വിതരണം | 0 | 0 | 0 | 720000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 72000 | 792000 |
| 267 | നഗരസഭ പരിധിയിലെ സ്കൂളുകൾക്കും സർക്കാർ ഓഫീസുകൾക്കും റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ 60 Unit | 0 | 0 | 0 | 35700 | 0 | 0 | 105000 | 69300 | 0 | 0 | 0 | 0 | 0 | 0 | 0 | 210000 |
| 268 | തിരസ്കൃത മാലിന്യം ഒഴിവാക്കൽ | 0 | 0 | 0 | 610650 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 610650 |
| 269 | മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങൾ നിരീക്ഷിക്കുന്നതിന് പോർട്ടബിൾ ക്യാമറ വാങ്ങൽ | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 270 | മാലിന്യക്കൂന ഒഴിവാക്കി പച്ചത്തുരുത്ത് നിർമ്മാണം | 0 | 0 | 0 | 6500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6500 |
| 271 | കരിയിലപ്പെട്ടി സ്ഥാപിക്കൽ | 0 | 0 | 0 | 840566 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 840566 |
| 272 | ഓഫീസ് ആവശ്യത്തിന് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 273 | അംഗനവാടി കൾക്ക് ബേബി ബെഡ് അടുക്കള ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 585000 | 0 | 0 | 585000 |
| 274 | മുവാറ്റുപുഴ നഗരസഭ 2025-2026- വാർഡ് 21 ലെ എസ് എൻ റോഡ് ഒഴക്കനാട്ട് റോഡ് ലെനിൻ മാർഗ് റോഡ് മെയിന്റനനസ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 584200 | 0 | 584200 |
| 275 | ആസ്പിരേഷണൽ ടോയ്ലറ്റ് നിർമ്മാണംവാർഡ് 9 | 0 | 0 | 0 | 297500 | 0 | 0 | 875000 | 577500 | 0 | 0 | 0 | 0 | 0 | 0 | 0 | 1750000 |
| 277 | എ കെ ജി നഗർ കുടിവെള്ള പദ്ധതി വിപുലീകരണം വാർഡ് 28 | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 280 | കെ എസ് ഡബ്ള്യൂ എം പി-എം സി എഫ് നവീകരണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1493000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 281 | കെ എസ് ഡബ്ള്യൂ എം പി-സി സി ടി വി സ്ഥാപിക്കൽ- എം സി എഫ് ആന്റ് ആർ ആർ എഫ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 282 | കെ എസ് ഡബ്ള്യൂ എം പി-അഗ്നിശമന ഉപകരണങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1737000 |
| 283 | കെ എസ് ഡബ്ള്യൂ എം പി- എം സി എഫ് ലോഡിംഗ് ഏരിയ നിർമ്മാണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1439000 |
| 284 | കെ എസ് ഡബ്ള്യൂ എം പി-ഹരിത കർമ്മ സേനയ്ക്ക് ടോയ്ലറ്റ് റെസ്റ്റ് റൂം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 983291 |
| 285 | ഹരിതകർമ്മ സേനയുടെ വിശ്രമ മുറിയിലേക്ക് ഫർണീച്ചർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 286 | കെ എസ് ഡബ്ള്യൂ എം പി-അഡീഷണൽ പ്രപ്പോസൽ ട്രാക്ക് 1 എം സി എഫിലേക്കും ആർ ആർ എഫിലേക്കുമുള്ള മെഷീനുകളും ഉപകരണങ്ങളും വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 701684 |
| 287 | അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളുടെ പ്രവർത്തന ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1700000 |
| 288 | എൻ സി ഡി കെയർ സെന്ററിലേക്ക് ഫർണീച്ചർ അത്യാവശ്യ സാധനങ്ങൾ എന്നിവ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 599863 |
| 289 | അർബന്ർ വെൽനസ് സെന്റുകളുടെ ആവർത്തന ചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 167284 |
| 290 | ഹബ് ആൻഡ് സ്പോക് മോഡൽ സാമ്പിൾ ട്രാൻസ്പോർട്ടേഷൻ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 141784 |
| 291 | ഹെൽത്ത് വെൽ നെസ്സ് ഫീൽഡ് തല പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 528000 |
| 292 | എൻ സി ഡി കെയർ സെന്ററിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 92649 |
| 293 | കെ എസ് ഡബ്ലു എം പി -ആർ ആർ എഫ് -ൽ ആർ സി സി കട്ട് ഓഫ് ഡ്രെയിൻ സാനിറ്ററി കണക്ഷൻ നിർമ്മാണവും ഫെൻസിംങ് അനുബന്ധ പ്രവർത്തികളും എം സി എഫ് ൽ കട്ട് ഓഫ് ഡ്രെയിൻ സാനിറ്ററി കണക്ഷൻ നിർമ്മാണവും | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 556000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 294 | കെ എസ് ഡബ്ള്യു എം പി- കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വെയിസ്റ്റ് സ്റ്റോറേജ് ഷെഡ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 |
| 295 | പൊതു സ്ഥലത്ത് ബിന്നുകൾ സ്ഥാപിക്കൽ | 0 | 0 | 0 | 1300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1300000 |
| 296 | മൂവാറ്റുപുഴ നഗരസഭ 2025-26 നഗരസഭ ക്രിമറ്റോറിയം ചിമ്മിനി പുന സ്ഥാപിക്കൽ | 829864 | 0 | 0 | 0 | 0 | 0 | 0 | 0 | 420136 | 0 | 0 | 0 | 0 | 0 | 0 | 1250000 |
| 297 | മൂവാറ്റുപുഴ നഗരസഭ 2025-26 വാർഡ് 4-ലെ മോളേക്കുടി ആസാദ് റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 425000 | 0 | 425000 |
| 298 | ജനറൽ ആശുപത്രി -പകർച്ച വ്യാധി നിയന്ത്രണം -പനി ക്ലിനിക്കിലേക്ക് ഡോക്ടറുടെ സേവനം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 299 | മുവാറ്റുപുഴ നഗരസഭ 2025-26 വാർഡ് 2-ലെ തൃക്ക റോഡ് അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 310000 | 0 | 310000 |
| 300 | മൃഗാശുപത്രിക്ക് സർജിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 301 | മുവാറ്റുപുഴ നഗരസഭ 2025-2026 വാർഡ് 8-ലെ കരേപ്പുറം റോഡ് തര്ബിയത്ത് വനിതാ സെന്റർ റോഡും അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 302 | മുവാറ്റുപുഴ നഗരസഭ 2025-2026 വാർഡ് 9 ലെ കാളചന്ത റോഡ് അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 303 | ആർദ്ര കേരളം പുരസ്ക്കാര വിനിയോഗം -ആശുപത്രി ക്വാളിറ്റി അഷ്വറൻസ് പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 304 | മൂവാറ്റുപുഴ നഗരസഭ വാർഷിക പദ്ധതി 2025-26 വാർഡ് 3 ലെ മിനാ കോളനി റോഡ് അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 455000 | 0 | 455000 |
| 305 | മുവാറ്റുപുഴ നഗരസഭ 2025-2026 വാർഡ് 14 ലെ കുഴിമറ്റം ചാരങ്ങാട്ട് ലിങ്ക് ലേൻ റോഡ് മാമ കടവ് റോഡ് അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 210000 | 0 | 210000 |
| 306 | മുവാറ്റുപുഴ നഗരസഭാ 2025 -2026 വാർഡ് 6 ലെ വടക്കേടത്ത് റോഡ് ഇലാഹിയ സ്കൂൾ റോഡ് തൃക്ക റോഡ് അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 308 | മുവാറ്റുപുഴ നഗരസഭാ 2025-2026 വാർഡ് 10-ലെ കുടിയിൽ കടവ് റോഡ് റീടാറിംഗും അറ്റകുറ്റപ്പണികളും | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 309 | മുവാറ്റുപുഴ നഗരസഭാ 2025-2026 വാർഡ് 5 കടവും പാടം പെരുമറ്റം - ആസാദ് റോഡ് പൂച്ചക്കൽ റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 310 | 123 വാർഡുകളിലൂടെ കടന്ന് പോകുന്ന സെൻട്രൽ വാഴപ്പിള്ളി റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 370100 | 0 | 370100 |
| 311 | 18 1921 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന കവിത റോഡ് ഗവ മോഡൽ ഹൈ സ്കൂൾ റോഡ് - പ്രിയദർശിനി റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 695860 | 0 | 695860 |
| 312 | വാർഡ് 25 ലെ മഹാത്മാ റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 350000 |
| 313 | 11 12 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന മണിയം കുളം - ഐക്കര പറമ്പ് റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 314 | വാർഡ് 23 ലെ അമ്പലം ലിങ്ക് റോഡ് എം സി റോഡ് മുതൽ കരുണ നഴ്സിംഗ് ഹോം വരെ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 315 | 360 ഡിഗ്രി മെറ്റബോളിക് ഡിസീസ് മാനേജ്മെന്റ് സെന്ററിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ ഐഈസി ഇന്ററെർനെറ്റ് കണക്ടിവിറ്റി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 359004 |
| 316 | 267 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന ജനശക്തി റോഡിൽ ജവഹർജംഗ്ഷൻ മുതൽ നെടുംചാൽ കണ്ണാശുപത്രി ജംഗ്ഷൻ സീമാസ് വഴി ഇഇസി മാർക്കറ്റ് ജംഗ്ഷൻ വരെ റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 500000 |
| 317 | മുവാറ്റുപുഴ നഗരസഭാ 2025-2026 വാർഡ് 10 ലെ ഇല്ലിക്കൽ കടവ് തോട് സംരക്ഷണ ഭിത്തി നിർമ്മാണം | 0 | 0 | 0 | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 319 | ശിവൻ കുന്ന് സ്കൂൾ ചുറ്റുമതിൽ - അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 320 | ഡംബിങ് യാർഡ് -ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 321 | എസ് സി വിദ്യർത്ഥികൾക്ക് പഠനമുറി | 0 | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 322 | മുവാറ്റുപുഴ നഗരസഭ 2025-2026 വാർഡ് 13 ലെ നിർമ്മല ഹോസ്പിറ്റൽ റോഡ് വാര്യത്ത് റോഡ്അറ്റകുറ്റപണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 362000 | 0 | 362000 |
| 323 | വിജ്ഞാന കേരളം പദ്ധതി-ജോബ് സ്റ്റേഷൻ പ്രവർത്തനങ്ങൾ | 220000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 220000 |
| 324 | മുവാറ്റുപുഴ നഗരസഭ 2025-2026 വാർഡ് 24-ലെ ആനിക്കാക്കുടി കോളനി ബൈലൈൻ 3 റോഡിന്റാമ്പ് നിർമ്മാണം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 325 | മുവാറ്റുപുഴ നഗരസഭാ കെട്ടിടത്തിനു മലിനജലം സംസ്ക്കരിക്കുന്നതിന് സോക്ക് പിറ്റും അനുബന്ധ സൌകര്യങ്ങളും | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 326 | മുവാറ്റുപുഴ കച്ചേരിത്താഴം കെട്ടിടത്തിനു മലിനജലം സംസ്ക്കരിക്കുന്നതിന് സോക്ക് പിറ്റും അനുബന്ധ സൌകര്യങ്ങളും | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 327 | 8 9 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്ന ഇ ഇ സി മാർക്കറ്റ് - കീച്ചേരിപ്പടിറോഡിൽ കീച്ചേരിപ്പടി മുതൽ കിഴ്ക്കായി തോട് വരെ ഉള്ള പൈപ്പ് ഓടയിൽ മാൻഹോൾ നിർമ്മാണവും ഓടയുടെ സൈഡ് വാൾ ഉയർത്തലും | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 800000 |
| 328 | ഗവ ടി ടി ഐ സ്കൂളിൽ മാലിന്യ സംസ്കരണ ഉപാധികളും അനുബന്ധ സൌകര്യങ്ങളും | 0 | 0 | 0 | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 329 | ടൌൺ യു പി സ്കൂളിൽ മാലിന്യ സംസ്കരണ ഉപാധികളും അനുബന്ധ സൌകര്യങ്ങളും | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 330 | നോർത്ത് മാറാടി യു പി സ്കൂളിൽ മാലിന്യ സംസ്കരണ ഉപാധികളും അനുബന്ധ സൌകര്യങ്ങളും | 0 | 0 | 0 | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 332 | മൂവാറ്റുപുഴ നഗരസഭയിലെ ഹരിതകർമ്മ സേന അംഗങ്ങളുടെ അധിക വരുമാനം ഉറപ്പാക്കുന്നതിന് വേണ്ടി ബിസിനസ്സ് ഡെവലപ്പ്മെന്റ് പ്ലാൻ നടപ്പിലാക്കൽ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 333 | അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളുടെ നടത്തിപ്പ് ചെലവുകൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 336 | ഡ്രൈ ലീഫ് ഗ്രൈൻഡർ | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 337 | വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് ഇക്കോ സെൻസസ് പദ്ധതി | 130000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 130000 |
| 338 | സാനിറ്റേഷൻ ജോലികളുടെ യന്ത്രവൽക്കരണം- സ്വീപ്പിംഗ് മെഷീൻ അനുബന്ധ യന്ത്രസാമഗ്രികൾ പണി ആയുധങ്ങളും അനുബന്ധ സാമഗ്രികളും | 0 | 0 | 0 | 0 | 0 | 0 | 0 | 3500000 | 0 | 0 | 0 | 0 | 0 | 0 | 0 | 3500000 |
| 339 | ശുചീകരണ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണ പദ്ധതി- മെഡിക്കൽ ക്യാമ്പ് സുരക്ഷ ഉപകരണങ്ങായ ഗ്ലൌസ് മാസ്ക്ക് മുതലായവ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 340 | വികസന നേട്ടങ്ങൾ-ഡോക്യുമെൻറേഷൻ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 95000 | 0 | 0 | 0 | 0 | 0 | 0 | 95000 |
| 341 | IEC-ഐ ഇ സി പ്രവർത്തനങ്ങൾ - മാലിന്യ സംസ്ക്കരണം-ക്യാമ്പയിൻ പ്രവർത്തനങ്ങൾ പോസ്റ്ററുകൾ മുതലായവ സ്വച്ഛ് ശഹർ ജോഡി | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 342 | ടെൻഡർ എക്സസ് തുക നൽകൽ | 454700 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 454700 |
| 343 | ബി ആർ സി കെട്ടിടം പൂർത്തീകരണം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 344 | വാർഡ് 18 അങ്കണവാടി സംരക്ഷണ ഭിത്തി നിർമ്മാണം - | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 110000 | 0 | 0 | 110000 |
| 345 | വാർഡ് 5 അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരണം - | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 440080 | 0 | 0 | 440080 |
| 346 | ഷീലോഡ്ജ് നവീകരണം | 88400 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 88400 |
| 347 | വാർഡ് 26 ജെ ബി സ്കൂൾ അറ്റകുറ്റ പണികൾ | 0 | 0 | 0 | 171000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 171000 |
| 348 | ഡോ ബി ആർ അംബേദ്ക്കർ നഗർ മുറിക്കൽ കോളനി എസ് സി കോളനി നവീകരണം | 0 | 338500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 338500 |
| 350 | കച്ചേരിത്താഴം ബസ് ഷെൽട്ടർ - അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 351 | വാർഡ് 13 ഗവ ഈസ്റ്റ് ഹൈ സ്കൂൾ കോമ്പൗണ്ട് ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 61000 | 0 | 0 | 61000 |
| 352 | വാർഡ് 9 ടൌൺ യു പി സ്കൂൾ കോമ്പൗണ്ട് -ലെ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 40000 | 0 | 0 | 40000 |
| 353 | ക്രിമറ്റോറിയം ഇലക്ട്രിഫിക്കേഷൻ | 125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 354 | ബയോ ഗ്യാസ് പ്ലാൻറ് വെജിറ്റബിൾ മാർക്കറ്റ് | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 355 | IEC-ഐ ഇ സി പ്രവർത്തനങ്ങൾ - ബോധവൽക്കരണ സന്ദേശം ഉൾപ്പെടെയുള്ള മെറ്റൽ ബോർഡുകൾ സ്ഥാപിക്കൽ - സ്വച്ഛ് ശഹർ ജോഡി | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 356 | മുനിസിപ്പൽ ടൌൺ ഹാളിൽ എസ് ടി പി | 0 | 0 | 0 | 0 | 0 | 0 | 0 | 700000 | 0 | 0 | 0 | 0 | 0 | 0 | 0 | 700000 |
| 357 | വാർഡ് -1 മണിയൻ തോട് റോഡ് അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 428800 | 0 | 428800 |
| 358 | നഗരസഭ ഓഫീസ് ജനന മരണ വിഭാഗം -അറ്റകുറ്റപ്പണികൾ | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 359 | ഗാർഹിക മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം | 0 | 0 | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 550000 |
| 360 | മുവാറ്റുപുഴ നഗരസഭ-സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ ഓഫീസുകളിലെ അറ്റകുറ്റപ്പണികളും മുനിസിപ്പൽ ഓഫീസിലെ മറ്റ് അവശ്യ അറ്റകുറ്റപ്പണികളും - വാർഡ് 20 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 361 | മൂവാറ്റുപുഴ നഗരസഭ-ഷീ ലോഡ്ജ് നിർമ്മാണം പൂർത്തീകരണം - വാർഡ് 21 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 362 | മൂവാറ്റുപുഴ നഗരസഭയിലെ കൗൺസിൽ ഹാളിനുള്ള ശബ്ദ സംവിധാനം ഒരുക്കൽ- വാർഡ് 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 363 | മൂവാറ്റുപുഴ നഗരസഭ-മണ്ടോത്തിപ്പടി റോഡ് അറ്റകുറ്റപ്പണികൾ - വാർഡ് 135 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 200000 |
| 364 | മൂവാറ്റുപുഴ നഗരസഭ- ജനറൽ ആശുപത്രി കോമ്പൗണ്ടിലെ റോഡുകളുടെ അറ്റകുറ്റപ്പണി - വാർഡ് 19 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1098228 | 0 | 1098228 |
| 365 | മൂവാറ്റുപുഴ നഗരസഭ-എസ് എൻ റോഡ് അറ്റകുറ്റപ്പണികൾ - വാർഡ് 20 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 100000 |
| 366 | മിശ്ര വിവാഹ ധന സഹായം | 0 | 225000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 225000 |
| 367 | തെരുവ് നായ്ക്കൾക്ക് പേ വിഷ ബാധ പ്രതിരോധ കുത്തിവെയ്പ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 30000 |
| 368 | മൂവാറ്റുപുഴ നഗരസഭ-മങ്ങാട്ടുപള്ളി റോഡ് അറ്റകുറ്റപ്പണികൾ - വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 600000 |
| 369 | മൂവാറ്റുപുഴ നഗരസഭ- കെ ടി ജേക്കബ് റോഡ് അറ്റകുറ്റപ്പണികൾ - വാർഡ് ...2223 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 577500 | 0 | 577500 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 370 | മൂവാറ്റുപുഴ നഗരസഭ-ക്രിമറ്റോറിയത്തിലെ ബ്ലോവർ മാറ്റിസ്ഥാപിക്കൽ ക്രിമേഷൻ ബെഡിന് ലൈനിംഗ് നൽകൽ മറ്റ് അടിയന്തര അറ്റകുറ്റപ്പണികൾ -വാർഡ് 21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 650000 | 0 | 0 | 0 | 0 | 0 | 0 | 650000 |
| 371 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകൽ | 0 | 550000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 550000 |
| 372 | മൂവാറ്റുപുഴ നഗരസഭയിലെ വിവിധ വാർഡുകളിലെ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 373 | ജനറൽ ആശുപത്രി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 0 | 0 | 0 | 1325750 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1325750 |
| 374 | മൂവാറ്റുപുഴ നഗരസഭ-ക്രിമറ്റോറിയം നവീകരണത്തിനുള്ള ഡി പി ആർ തയ്യാറാക്കൽ -തുക നൽകൽ -വാർഡ് 21 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 480555 | 0 | 0 | 0 | 0 | 0 | 0 | 480555 |
| 375 | ഐ കെ എം -നഗരസഭ വിഹിതം ബാലൻസ് തുക നൽകൽ | 273573 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 273573 |
| 376 | അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളുടെ നടത്തിപ്പ് ചെലവുകൾ -2024-25 വിഹിതം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1700000 |

## അദ്ധ്യായം-3
## പ്രശ്നവിശകലനവും പരിഹാരങ്ങളും

### പൊതുഭരണം

മൂവാറ്റുപുഴ നഗരസഭാഭരണത്തിന്റെ ഗുണമേൻമ ഇനിയും മെച്ചപ്പെടേണ്ടിയരിക്കുന്നു. ഭരണരംഗത്ത് പരമാവധി പൊതുജനപങ്കാളിത്തം ഉറപ്പാക്കാനുള്ള നടപടികൾകൈക്കൊള്ളേണ്ടതുണ്ട്. ഇതിനായി അയൽസഭകൾരൂപീകരിക്കുകയും വാർഡുകേന്ദ്രങ്ങൾപ്രവർത്തനക്ഷമമാക്കുയും വേണം. ഭരണസുതാര്യത ഉറപ്പുവരുത്തുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ജനസൗഹൃദപരവും പരിസ്ഥിതിസൗഹൃദപരവുമായ ഒരു ഓഫീസ് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും നഗരസഭാ ഓഫീസിന് ഐഎസ്ഒ സർട്ടിഫിക്കറ്റ് നേടേണ്ടതായിട്ടുണ്ട്. ഇതിനുള്ള അടിസ്ഥാനഉപാധികളായ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതുണ്ട്. കമ്പ്യൂട്ടർവല്ക്കരണത്തിലൂടെ പേപ്പർരഹിതഓഫീസായി മാറുമ്പോൾഫയലുകൾസൂക്ഷിക്കാനുള്ള ഇടമില്ലായ്മ എന്ന പ്രശ്നത്തിനു പരിഹാരമാകുന്നതോടൊപ്പം കൂടുതൽപരിസ്ഥിതിസൗഹാർദ്ദമാകുകയും ചെയ്യും. നഗരസഭയുടെ സേവനങ്ങൾതേടി നിത്യേന ഓഫീസിലെത്തുന്ന നൂറുകണക്കിന് ജനങ്ങൾക്ക് ആവശ്യമായത്ര ശുചിമുറികളോ, കുടിവെള്ളസൗകര്യമോ ഓഫീസിൽലഭ്യമല്ല. നഗരസഭാ ഓഫീസിനോടനുബന്ധിച്ച് ടോയ്ലറ്റുകൾനിർമ്മിച്ചുകൊണ്ടും, വാട്ടർപ്യൂരിഫയ ർസ്ഥാപിച്ചുകൊണ്ടും ഈ പ്രശ്നങ്ങളെ മറികടക്കാനാകും.

### കൃഷി

കാർഷികരംഗത്ത് ഏറ്റവും ഗുരുതരമായ പ്രതിസന്ധിയാണ് നിലനില്ക്കുന്നത്. നഗരവാസികൾക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾക്കും പച്ചക്കറികൾക്കും പൂർണ്ണമായും പുറമേയുള്ള സ്രതസ്സുകളെ ആശ്രയിച്ചുകൊണ്ടിരിക്കുകയാണ്. നഗരപരിധിയിലുള്ള 50ഹെക്ടറോളം നെൽവയലുകളിൽ40 ഹെക്ടറും തരിശായി കിടക്കുകയാണ്. ഹരിതസേന രൂപീകരണം, പ്രായോഗികമായ യന്ത്രവലക്കരണം, സംഘകൃഷി പ്രോത്സാഹനം, വിത്ത്-വളം സബ്സിഡി എന്നിവയിലൂടെയും ജനകീയ ഇടപെടലുകളിലൂടെയും അടുത്ത 5 വർഷം കൊണ്ട് ഘട്ടംഘട്ടമായി മുഴുവൻ വയലുകളിലും നെൽകൃഷി ചെയ്തുകൊണ്ട് തരിശ് രഹിത നഗരസഭയായി മാറ്റാൻ കഴിയും. വിഷരഹിതപച്ചക്കറിയുടെ സ്വയംപര്യാപ്തതയ്കായി കുടുംബശ്രീ യൂണിറ്റുകൾമുഖേന ഗുണമേന്മയുള്ള പച്ചക്കറിതൈകൾഉത്പ്പാദിപ്പിച്ച് ഗ്രോബാഗ്/മൺചട്ടി എന്നിവയോടൊപ്പം കുടുംബങ്ങൾക്ക് വിതരണം നടത്തണം. അതോടൊപ്പം അന്യംനിന്നുപോകുന്ന കിഴങ്ങുവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യനിരക്കിൽവിത്ത് നൽകാവുന്നതാണ്. തെങ്ങ് ജാതി തുടങ്ങിയ പുരയിടകൃഷികളുടെ വിളവ് വർദ്ധിപ്പിക്കുന്നതിന്, വളം സബ്സിഡി നല്കാം. റബ്ബർഅധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾസ്ഥാപിക്കാൻമുൻകൈ എടുത്തുകൊണ്ട് റബ്ബർകൃഷിയെ പ്രോത്സാഹിപ്പിക്കണം. ജലസേചനസൗകര്യ വർദ്ധനവിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നിലനിലുള്ള കുളങ്ങൾശുചീകരിക്കുകയും കിണറുകൾറീചാർജ്ജ് ചെയ്യുകയും വേണം. നഗരപരിധിയിലൂടെ കടന്നുപോകുന്ന തോടുകൾശുചീകരിക്കുകയും സംരക്ഷണഭിത്തികൾകെട്ടി നീരൊഴുക്ക് സുഗമമാക്കുകയും വേണം.

### മൃഗസംരക്ഷണം

നഗരസഭ അഭിമുഖീകരിക്കുന്ന ഗുരുതരമായൊരു പ്രശ്നമാണ് തെരുവുനായശല്യം. നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽഎബിസി പദ്ധതി കാര്യക്ഷമമായി നടപ്പാക്കിക്കൊണ്ട് മാത്രമേ ഈ പ്രശനത്തിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. പാൽ,മുട്ട,മാംസം എന്നിവയ്ക്കായി പൂർണ്ണമായും നഗരത്തിനു വെളിയിലുള്ള സ്രോതസ്സുകളെ ആശ്രയിക്കേണ്ടിവരികയാണ്. ജനസാന്ദ്രത പരിഗണിക്കുമ്പോൾകാലിവളർത്തലിനുള്ള സാധ്യത കുറവാണെങ്കിലും കഴിയുന്ന പ്രദേശങ്ങളിൽപശു, ആട്, മുട്ടക്കോഴി വളർത്തൽപ്രോത്സാഹിപ്പിക്കണം. അതിനായുള്ള ധനസഹായം ചെയ്യാം. കൂടാതെ ക്ഷീര സഹകരണസംഘം രൂപീകരിക്കണം. പാൽകറവ യന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം നല്കണം.

### പ്രാദേശിക സാമ്പത്തിക വികസനം

ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണത്തിലും അവയിലെ ഉത്പ്പാദനത്തിലും, അവയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതഗുണതയിലും കാര്യമായ പുരോഗതിയുണ്ടാക്കാൻ സാധിച്ചിട്ടില്ല. പരിസ്ഥിതി വിനാശകാരിയായ പ്ലാസ്റ്റിക് നിരോധിക്കുമ്പോൾഅതിനു ബദലായുള്ള പേപ്പർ/തുണി സഞ്ചികളുടെ നിർമ്മാണം, അജൈവമാലിന്യം ശേഖരിച്ച് അവ ഉപയോഗിച്ചുള്ള ഉല്പ്പന്ന നിർമ്മാണം, കാർഷികോല്പ്പന്നങ്ങൾശേഖരിച്ച് മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽസംരംഭങ്ങൾതുടങ്ങുന്നതിനുള്ള തൊഴിൽപരിശീലനവും ധനസഹായവും നല്കിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കാം. ഐടി വ്യവസായത്തിന്റെ കേന്ദ്രമായിട്ടുള്ള കൊച്ചി നഗരത്തിന്റെ വളർച്ചക്ക് പൂരകമാകുംവിധം ഐ.ടി അധിഷ്ഠിത സംരംഭങ്ങൾആരംഭിക്കണം. പ്ലാസ്റ്റിക് ശേഖരിച്ചുകൊണ്ട് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾക്കായുള്ള സംരംഭങ്ങൾക്കും സാധ്യതയുണ്ട്.

## ദാരിദ്ര്യലഘൂകരണം

ഭൂമിയും വീടുമില്ലാത്തവർ, ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവർ, വാസയോഗ്യമല്ലാത്ത വീടുള്ളവർഎന്നി വിഭാഗങ്ങളിൽപെടുന്ന ധാരാളം കുടുംബങ്ങൾനമ്മുടെ നഗരത്തിലുണ്ട്. സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചു കൊണ്ട് സ്ഥലം കണ്ടെത്തി ഭൂമിയില്ലാത്തവർക്ക് ഭവനസമുച്ചയങ്ങൾനിർമ്മിച്ചുനല്കുകയും ജീവനോപാധികൾഏർപ്പെടുത്തുകയും ചെയ്യാം. സ്വന്തമായി ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവർക്ക് വിവിധ കേന്ദ്ര-സംസ്ഥാനപദ്ധതികൾപ്രകാരം ഭവനനിർമ്മാണത്തിനുള്ള ധനസഹായം നല്കണം. വാസയോഗ്യമല്ലാത്ത വീടുള്ളവർക്ക് വീട് അറ്റകുറ്റപ്പണികൾക്കായി ധനസഹായം കൊടുക്കാം. കൃഷിയ്ക്കും ചെറുകിടവ്യവസായങ്ങൾക്കും പ്രോത്സാഹനം നല്കിക്കൊണ്ട് പരമാവധി തൊഴിലവസരങ്ങൾസൃഷ്ടിക്കണം. ഇതിന്റെ ഭാഗമായി ലേബർസൊസൈറ്റി, ഗ്രീൻ ആർമി തുടങ്ങിയവ രൂപീകരിക്കണം. വിവിധ കാരണങ്ങൾകൊണ്ട് ഒറ്റപ്പെട്ട ജീവിതം നയിച്ചു കൊണ്ടിരിക്കുന്ന പ്രായമേറിയ ധാരാളം പൗരൻമാർനമ്മുടെ നഗരപരിധിയിലുണ്ട്. അവരുടെ ക്ഷേമത്തിനായുള്ള പകൽവീടിന്റെ സൗകര്യങ്ങൾവർദ്ധിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.

## സാമൂഹ്യനീതി

നഗരപരിധിയിൽതാമസിക്കുന്നതും നഗരത്തിൽവന്നു പോകുന്നതുമായ ഭിന്നശേഷിക്കാർധാരാളം ബുദ്ധിമുട്ടുകൾഅനുഭവിക്കേണ്ടി വരുന്നുണ്ട്. നഗരപരിധിയിൽഭിന്നശേഷിസൗഹൃദ ടോയ്‌ലറ്റുകളോ ഭക്ഷണശാലകളോ ഇല്ല. സഞ്ചാരപരിമിതികളുള്ള അനേകംപേരുണ്ട്. നിത്യശയ്യാവലംബികളായിട്ടുള്ളവരുമുണ്ട്. ഇത്തരത്തിലുള്ളവരുടെ അതിജീവനത്തിനായി നിരവധി സൗകര്യങ്ങൾചെയ്തുകൊടുക്കേണ്ടതുണ്ട്. നഗരത്തിൽഭിന്നശേഷിസൗഹൃദ ടോയ്‌ലറ്റുകൾസ്ഥാപിക്കണം. ഭിന്നശേഷിക്കാർക്ക് ആവശ്യമായ ഉപകരണങ്ങളും സഞ്ചാരത്തിനുതകുന്ന വാഹനങ്ങളും നല്കണം. ഈ വിഭാഗത്തിൽപെടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കണം. ഇതരസംസ്ഥാന തൊഴിലാളികൾധാരാളമുള്ള നഗരമാണ് നമ്മുടേത്. വളരെ പരിതാപകരവും അനാരോഗ്യകരവുമായ താമസസൗകര്യങ്ങളാണ് അവർക്കുള്ളത്. സുരക്ഷിതവും ആരോഗ്യകരവുമായ താമസസൗകര്യങ്ങൾഅവർക്ക് ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്നതിന് നമ്മുടെ പൊതുവിദ്യാലയങ്ങളിൽസൗകര്യമൊരുക്കണം.

## വനിതാവികസനം.

വനിതകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനുള്ള ശ്രമങ്ങൾഇപ്പോളും പാതിവഴിയിലാണ്.സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനുള്ള കർമ്മപദ്ധതികൾആവിഷ്കരിക്കേണ്ടതുണ്ട്. എപിഎൽവിഭാഗത്തിൽപെടുന്ന വനിതകളേക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ശാക്തീകരിക്കണം. സ്ത്രീകളുടെ പ്രശ്നങ്ങളുടെ പരിഹാരാർത്ഥം മുനിസിപ്പൽതല ജെന്റർഡെസ്ക്, ജെന്റർറിസോഴ്സ് സെന്റർ, ജാഗ്രതാ സമിതികൾഎന്നിവ രൂപീകരിക്കണം. കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ മാനസികസമ്മർദ്ദങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ കൗൺസിലിംഗ് സെന്ററുകൾസ്ഥാപിക്കണം. മിയ്ക്കവാറും സ്കൂളുകളിലും സ്ത്രീസൗഹൃദടോയ്‌ലറ്റുകൾഇല്ല. യുപി തലം മുതലുള്ള സ്കൂളുകളിൽഅവ സ്ഥാപിക്കണം. സ്ത്രീകളുടെ ഒറ്റയ്ക്കുള്ള സഞ്ചാരത്തിന് വിലങ്ങുതടിയായി നില്ക്കുന്നത് രാത്രിയിൽസുരക്ഷിതമായി തങ്ങാനുള്ള ഇടമില്ലായ്മയും,

സുരക്ഷിതമായ വാഹനദൗർലഭ്യവുമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് നഗരത്തിൽഷീലോഡ്ജ് സ്ഥാപിക്കുകയും ഷീടാക്സി ഏർപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്. നഗരത്തിലെത്തുന്ന മുലയൂട്ടുന്ന അമ്മമാർക്ക് സുരക്ഷിതമായി മുലയൂട്ടുന്നതിനുള്ള സൗകര്യങ്ങളില്ല. ഇതിനായി പ്രധാന ബസ് സ്റ്റാന്റുകളിൽസുരക്ഷിതമായ ഫീഡിംഗ് റൂം നിർമ്മിക്കണം. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി ആയോധനകലകളുടെ പരിശീലനകേന്ദ്രം സ്ഥാപിക്കണം.

### പട്ടികജാതി പട്ടികവർഗ്ഗ വികസനം

പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരുടെ സാമൂഹ്യപദവിയും ജീവിതഗുണതയും ഉയർത്തുന്നതിനുള്ള നടപടികൾഇനിയും ഏറെ മുന്നോട്ടുപോകാനുണ്ട്.ഇതിന്റെ ഭാഗമായി സ്വയം തൊഴിലിനുള്ള പരിശീലനവും ധനസഹായവും നല്കണം. കുടിവെള്ളമില്ലാത്ത കുടുംബങ്ങൾക്ക് വാട്ടർകണക്ഷൻ എടുക്കുന്നതിനും പിവിസി വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനുമുള്ള സഹായം നല്കണം. ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾനല്കാം. പെൺകുട്ടികൾക്ക് വിവാഹധനസഹായം നല്കണം. വിദ്യാർത്ഥികൾക്ക് പഠനമുറി,മേശ/കസേര തുടങ്ങിയ ഉപകരണങ്ങൾ, ഉപരി പഠനത്തിനുള്ള സ്കോളർഷിപ്പ്, അർഹതയുള്ള കോഴ്സുകളിൽപഠിക്കുന്നവർക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ്, ഹൈസ്കൂൾവിദ്യാർത്ഥികൾക്ക് സൈക്കിൾതുടങ്ങിയവ നല്കണം.

### ശുചിത്വം

നഗരം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാലിന്യമാണ്. നഗരത്തിന്റെ ജീവനാഡിയായ പുഴയും മലിനീകരിക്കപ്പെടുന്നു. പ്ലാസ്റ്റിക്കും മറ്റ് അജൈവമാലിന്യങ്ങളും വൻഭീഷണിയാകുന്നു. മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ബഹുമുഖ കർമ്മപരിപാടികൾആവിഷ്കരിക്കേണ്ടതുണ്ട്. ദ്രവമാലിന്യങ്ങളുടെ സ്രോതസ്സ്, നിർഗ്ഗമനസംവിധാനം തുടങ്ങിയവയുടെ സമഗ്രസർവ്വേ നടത്തേണ്ടതുണ്ട്. മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന്, അർഹതപ്പെട്ടവർക്ക് സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റ്, ബയോബിൻ തുടങ്ങിയവ സ്ഥാപിക്കണം. മാർക്കറ്റ്, ബസ് സ്റ്റാന്റ് തുടങ്ങിയ സ്ഥലങ്ങളിൽതുമ്പൂർമൂഴി കമ്പോസ്റ്റിംഗ് രീതി നടപ്പാക്കണം. മാലിന്യസംസ്കരണംരംഗത്ത് അയൽക്കൂട്ടസമിതികൾറെസിഡന്റ്സ് അസോസിയേഷനുകൾതുടങ്ങിയ സംഘടനാ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തണം. അജൈവമാലിന്യങ്ങളുടെ ശേഖരണത്തിന് മെറ്റീരിയൽറിക്കവറി സെന്ററുകൾസ്ഥാപിക്കണം. പ്ലാസ്റ്റിക് ഷ്രഡ്ഡിഗ് യൂണിറ്റ് സ്ഥാപിക്കണം. ദൈനംദിനം നഗരത്തിലെത്തുന്ന അനേകായിരം ജനങ്ങൾക്ക് പ്രാഥമിക കൃത്യങ്ങൾനിർവ്വഹിക്കുന്നതിന് പര്യാപ്തമായ ശുചിമുറികൾനഗരത്തിലില്ല. ജനസാന്ദ്രതയുള്ള കേന്ദ്രങ്ങളിൽപൊതുകക്കൂസുകൾസ്ഥാപിക്കണം.

## വിദ്യാഭ്യാസം

നഗരസഭയ്ക്ക് കീഴിൽപല തലത്തിലുള്ള 11 സർക്കാർസ്കൂളുകളാണുള്ളത്. ഇവയിൽഎല്ലാംതന്നെ അടിസ്ഥാന ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽഏറെ പിന്നിലാണ്. ആവശ്യത്തിനുള്ള ശുചിമുറികൾ, ആവശ്യമായ ഫർണ്ണിച്ചറുകൾ, ആവശ്യമായ കാറ്റും വെളിച്ചവും ലഭ്യമാകുന്ന സുരക്ഷിത ക്ലാസ്സ്മുറികൾ, ചുറ്റുമതിൽ, ഗേറ്റ്, കളിസ്ഥലം, ശുദ്ധമായ കുടിവെള്ളം, ആരോഗ്യകരമായ അടുക്കളയും വാഷ് റൂമുകളും തുടങ്ങി അനേകം ഘടകങ്ങളുടെ അപര്യാപ്തത നിലനിൽക്കുകയാണ്.അക്കാദമിക മികവിന് ഈ അപര്യാപ്തതകളെല്ലാം പരിഹരിച്ചേ മതിയാകൂ. മുനിസിപ്പൽപ്ലാൻഫണ്ടിൽനിന്നും നീക്കിവയ്ക്കാൻ കഴിയുന്ന തുകയോടൊപ്പം പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾസംരക്ഷണസമിതികൾ,വിവധ സന്നദ്ധസംഘടനകൾ, ക്ലബ്ബുകൾ, സ്ഥാപനങ്ങൾ, എംപി, എംഎൽഎ, തുടങ്ങിയവരുടെ സഹകരണങ്ങൾനേടിക്കൊണ്ട് പൊതുവിദ്യാലയങ്ങളിലെ പ്രശ്നങ്ങൾപരിഹരിക്കാൻ കഴിയും.

### പാർപ്പിടം

നഗരപരിധിയിലെ 554 കുടുംബങ്ങൾക്ക് ഭൂമിയും വീടുമില്ലാതെയുണ്ട്.കേന്ദ്ര ഗവ.പി എം എ വൈ സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷനുമായി സംയോജിപ്പിച്ച് അവർക്ക് പാർപ്പിടസമുച്ചയങ്ങൾനിർമ്മിച്ചു നല്കാൻ കഴിയും. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാനും, വാസയോഗ്യമല്ലാത്ത വീടുള്ളവർക്ക് അറ്റകുറ്റപ്പണിക്കും ധനസഹായം നല്കി ഈ പ്രശനം പരിഹരിക്കാൻ കഴിയും.

## കുടിവെള്ളം

നഗരത്തിന്റെ ഉയർന്ന ഭാഗങ്ങളിലെല്ലാം രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ദീർഘവീക്ഷണത്തോടെയുള്ള പരിഹാരനടപടികൾഇതിനാവശ്യമാണ്. വീടുകളുടേയും കെട്ടിടങ്ങളുടേയും മുറ്റം കോൺക്രീറ്റ് ചെയ്യൽ, റോഡുകളുടെ ഇരുവശങ്ങളും മുഴുവനായി കോൺക്രീറ്റ് ചെയ്യൽ, ഓടകളുടെ അശാസ്ത്രീയമായ നിർമ്മാണം തുടങ്ങിയ കാരണങ്ങളാൽമഴവെള്ളം ഭൂമിയിലേക്കിറങ്ങാതെ പുഴയിലേക്ക് ഒലിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി മഴക്കുഴികൾനിർമ്മിക്കണം. കിണർറീചാർജിംഗ്, തുറസ്സായ കിണറുകൾശുദ്ധജല കിണറുകളാക്കൽ, വീടുകളിൽമഴവെള്ളസംഭരണികളുടെ നിർമ്മാണം എന്നിവ നടപ്പാക്കണം. പൈപ്പ്ലൈൻ നീട്ടൽ, ഗാർഹിക കണക്ഷൻ നല്കൽഎന്നിവയും നടപ്പാക്കണം. എസ് സി വിഭാഗത്തിന് പിവിസി വാട്ടർടാങ്ക് വാങ്ങുന്നതിന് സഹായം നല്കാം.

## പൊതുമരാമത്ത്

ഗുരുതരമായ ഗതാഗതക്കുരുക്കാണ് നഗരം നേരിടുന്ന മറ്റൊരു വെല്ലുവിളി. വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവിന് ആനുപാതികമായി റോഡുകൾവികസിച്ചിട്ടില്ല.എൻഎച്ച്49ന്റെ ബൈപാസ്സ്, ചാലിക്കടവുപാലത്തെ തൊടുപുഴ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, മുറിക്കല്ല് പാലത്തിന്റെ അപ്രോച്ച് റോഡ് എന്നിവയുടെ പൂർത്തീകരണം കൊണ്ട് മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഇടങ്ങളിലേക്ക് പുതിയ റോഡുകൾനിർമ്മിക്കണം. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി നടക്കാനുള്ള സംവിധാനങ്ങൾനഗരത്തിൽവളരെ അപര്യാപ്തമാണ്. പ്രധാന റോഡുകളുടെ ഇരുവശവും നടപ്പാതകൾനിർമ്മിക്കണം. നിലവിലുള്ള ലോറി-വാൻ സ്റ്റാന്റ് അപര്യാപ്തമാണ്. വലിയ ട്രക്കുകൾക്കും കൂടി പാർക്കുചെയ്യാൻ സാധ്യമാകുന്ന വിധത്തിൽട്രക്ക് ടെർമിനൽനിർമ്മിക്കണം. ഊർജ്ജസംരക്ഷണപ്രവർത്തനങ്ങളുടെ ഭാഗമായി സൗരോർജ്ജത്തെ പ്രോത്സാഹിപ്പിക്കണം. നഗരസഭ കെട്ടിടത്തിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും സോളാർപാനൽസ്ഥാപിച്ച് അവയുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി സ്വന്തമായി ഉത്പ്പാദിപ്പിക്കണം.

## നഗരാസൂത്രണം

മുനിസിപ്പൽസ്റ്റേഡിയം പണി പൂർത്തിയാക്കണം. മുനിസിപ്പൽപാർക്കുകളുടെ സൗകര്യങ്ങൾവർദ്ധിപ്പിക്കേണ്ടതുണ്ട്.നഗരത്തിലെ പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കണം. യാത്രക്കാർക്ക് ആവശ്യമായത്ര ബസ്ഷെൽട്ടറുകൾനിർമ്മിക്കണം.

## ആരോഗ്യം

നഗരസഭാ പ്രദേശത്ത് മഴക്കാല സാംക്രമികരോഗങ്ങൾഒരു വെല്ലുവിളിയാണ്. രോഗം വന്ന് ചികത്സിക്കുന്നതിനേക്കാൾരോഗം വരാതെ നോക്കുന്നതിനാണ് മുൻഗണന നല്കേണ്ടത്. മഴക്കാലത്തിനു മുമ്പുതന്നെ ഓടകൾവൃത്തിയാക്കണം. ജനങ്ങളെ ബോധവല്ക്കരിച്ചു കൊണ്ടും ഡ്രൈഡേകൾആചരിച്ചുകൊണ്ടും കിണറുകൾക്ലോറിനേറ്റ് ചെയ്തുകൊണ്ടും പകർവ്യാധികൾതടയാം. മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള സബ്സെന്ററുകൾതുറന്ന് പ്രവർത്തിപ്പിക്കുകയും പുതിയവ ആരംഭിക്കുകയും വേണം. ജനറൽആശുപത്രി, ഹോമിയോ-ആയുർവ്വേദ ആശുപത്രികൾഎന്നിവയുടെ സൗകര്യങ്ങൾവർദ്ധിപ്പിക്കണം. വയോമിത്രം പദ്ധതിയുടെ ഭാഗമായി കൂടുതൽകേന്ദ്രങ്ങൾതുറക്കണം.പാലിയേറ്റീവ് കെയർകൂടുതൽകാര്യക്ഷമമാക്കണം.

## അദ്ധ്യായം-4

## പതിനാലാം പഞ്ചവത്സരപദ്ധതി

## വികസന കാഴ്ചപ്പാട്

നമ്മുടെസംസ്ഥാനം പതിനാലാം പഞ്ചവത്സരപദ്ധതി രൂപീകരണത്തിലേക്ക് നീങ്ങുകയാണ്. സംസ്ഥാനത്തിന്റെ പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ലക്ഷ്യം തുടർച്ചാസാധ്യതയുള്ള, പരിസ്ഥിതി രക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യനീതി മുറുകെപ്പിടിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്നത്ണെന്ന് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. പൊതുജനാരോഗ്യം പൊതുവിദ്യാഭ്യാസത്തിനും സൌകര്യങ്ങള് ലോകോത്തരമാക്കിക്കൊണ്ടും ഉന്നത വിദ്യാഭ്യാസത്തിനും തൊഴിൽനൈപുണിക്കും ഉയർന്ന പരിഗണന നൽകിക്കൊണ്ടും മനുഷ്യ വിഭവശേഷിയുടെ സാധ്യത വലിയതോതിൽഉയർത്തും. വളർച്ചയോടൊപ്പം പരിസ്ഥിതി രക്ഷ ഉറപ്പാക്കൻമണ്ണും ജലവും ഇതര പ്രകൃതിവിഭവങ്ങളും ഒപ്പം കൃഷിയും സംരക്ഷിക്കുന്നതിന് ഹരിത കേരളം പദ്ധതി നടപ്പാക്കും. പതിമൂന്നാം പദ്ധതിക്കാലത്ത് സംസ്ഥാലത്തിന്റെ മാലിന്യപ്രശ്നത്തിന് ശാശ്വതപരിഹാരം കാണും. പദ്ധതിക്കാലയളവിൽഭൂരഹിതരും ഭവനരഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനമായി കേരളം മാറും. ജനനം മുതൽമരണം വരെയുള്ള ജീവിതചക്രത്തിലെ എല്ലാഘട്ടങ്ങളിലും സമൂഹത്തിന്റെ സാമൂഹ്യസുരക്ഷാസംവിധാനത്തെ സമഗ്രമാക്കി മാറ്റും. കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത സംസ്ഥാനം എന്ന ഖ്യാതി കേരളത്തിനു നേടിയെടുക്കാനാവും. ഇവയാണ് പതിമൂന്നാം പദ്ധതിയുടെ പ്രോദ്ഘാടനവേളയിൽകേരളം മുന്നോട്ടുവയ്ക്കുന്ന വികസനകാഴ്ചപ്പാട്. ഈ വികസനപരിപ്രേഷ്യത്തിന് അനുരോധമായി മുവാറ്റുപുഴ നഗരസഭയുടെ പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്യുവാനാണ് നഗരസഭ ആഗ്രഹിക്കുന്നത്.

## ഉത്പാദന മേഖല

ദീർഘവീക്ഷണത്തോടെയുള്ളതും സമഗ്രവുമായ പദ്ധതികളാണ് നമുക്കാവശ്യം. നഗരത്തിലെ വാർഡുകൾഅടിസ്ഥാനമാക്കിയുള്ള പദ്ധതികളേക്കാൾപ്രയോജനം ലഭിക്കുന്നത് നഗരത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി രൂപീകരിക്കുന്ന പദ്ധതികളിലൂടെയാണ്.

ഈ ധാരണയുടെ അടിസ്ഥാനത്തിൽഉത്പ്പാദനമേഖലയുടെ സ്ഥായിയായ വളർച്ച നാം ലക്ഷ്യം വയ്ക്കുന്നു. നഗരപരിധിക്കുള്ളിൽതരിശായി കിടക്കുന്ന മുഴുവൻനെൽവയലുകളിലും 2030 ഓടെ നെല്കൃഷി ചെയ്യണം. ഇതിലായി കൂലിച്ചെലവ് സബ്സിഡി നൽകുക, അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി ഈ രംഗത്ത് പരമാവധി പ്രയോജനപ്പെടുത്തുക, സാധ്യമായ തോതില് യന്ത്രവത്ക്കരണം നടത്തുക, സംഘകൃഷിക്ക് ഗ്രൂപ്പുകളെ സംഘടിപ്പിച്ച് പ്രോത്സാഹനം നൽകുക, കാർഷികഉത്പ്പാദന കമ്പനികൾരൂപീകരിച്ച് ഉത്പ്പാദന-സംഭരണ-വിതരണ പ്രവർത്തനങ്ങൾനിർവ്വഹിക്കുവാനുള്ള സാധ്യതകൾആരായുക എന്നീ നടപടികൾസ്വീകരിക്കും. ജൈവപച്ചക്കറി ഉത്പ്പാദനം പടിപടിയായി വർദ്ധിപ്പിച്ച് പച്ചക്കറിയുടെ കാര്യത്തിൽസ്വയംപര്യാപ്തതയ്ക്ക് ശ്രമിക്കും. നാളികേര ഉത്പ്പാദനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾസ്വീകരിക്കും. നിലവിലുള്ള പുരയിടകൃഷിക്ക് പരമാവധി സംരക്ഷണവും സഹായവും നൽകും. റബ്ബര് കർഷകരുടെ പ്രശ്നങ്ങള് പരിഹരിക്കുവാനുള്ള നടപടികള് സ്വീകരിക്കും. കിഴങ്ങുവർഗ്ഗ കൃഷിക്ക് പ്രോത്സാഹനം നൽകും.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പ്പാദനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾസ്വീകരിക്കും. ഉൾനാടൻമത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകും.

ജലസേചനത്തിനശേഷി വർദ്ധിപ്പിക്കുന്നതിന് ഊന്നൽനൽകും. നിലവിലുള്ള കിണറുകൾ, കുളങ്ങൾ, തോടുകള് എന്നിവ സംരക്ഷിച്ചുകൊണ്ടും അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടും ജലസേചന സൌകര്യം വർദ്ധിപ്പിക്കും. മഴവെള്ളക്കുഴികൾകിണർറീചാർജിംഗ് എന്നീ മാർഗ്ഗങ്ങളിലൂടെ ഭൂഗർഭജലസംഭരണം അഭിവൃദ്ധിപ്പെടുത്താനുള്ള പരിപാടികളുണ്ടാകും.

## പശ്ചാത്തല മേഖല

പ്രാദേശിക സാമ്പത്തിക വികസനം സാദ്ധ്യമാക്കാനുള്ള നടപടികൾസ്വീകരിക്കും. റബ്ബർഅധിഷ്ഠിത ചെറുകിടവ്യവസായങ്ങൽക്ക് പ്രോത്സാഹനം നൽകും. കാർഷികവിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള മൂല്യവര്ദ്ധിത ഉത്പ്പന്നങ്ങള് നിര്മ്മിക്കുന്നതിന് പദ്ധതികളാവിഷ്കരിക്കും. വ്യാപാര വാണിജ്യ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾഒരുക്കും

.

ഐടി വ്യവസായസാധ്യതകളെ പ്രയോജനപ്പെടുത്തും. മൂവാറ്റുപുഴയുടെ ടൂറിസം സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി തൊഴില്, വരുമാനവർദ്ധന എന്നിവയ്ക്ക് മുൻതൂക്കം നൽകും. കൃഷി, മൃഗസംരക്ഷണം, ഉൾനാടൻമത്സ്യകൃഷി, കാർഷികാധിഷ്ഠിത ചെറുകിട വ്യവസായം, ഐടി, ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തി സാമ്പത്തികാഭിവൃദ്ധിക്കും തൊഴിൽഅവസരങ്ങൾസൃഷ്ടിക്കുന്നതിനും മുൻതൂക്കം നൽകുകയെന്നതായിരിക്കും ഉത്പ്പാദന മേഖലയിലെ ലക്ഷ്യം.

## സേവന മേഖല

പൊതുവിദ്യാഭ്യാസയജ്ഞം പ്രവര്ത്തനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൌതികസൌകര്യങ്ങള് വർദ്ധിപ്പിക്കുക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പഠനനിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകശേഷികൾവർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രോജക്ടുകള് ആവിഷ്കരിച്ച് നടപ്പാക്കും

.

ആർദ്രം മിഷനുമായി സമന്വയിപ്പിച്ച് പൊതുജനാരോഗ്യസുരക്ഷ ഉറപ്പാക്കും. രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകും. ഹൈസ്കൂൾഹയർസെക്കന്ററി വിദ്യാർത്ഥികൾക്കും യുവതീ യുവാക്കൾക്കും മാനസികാരോഗ്യപ്രശ്നങ്ങൾക്ക് ആവശ്യമായ കൌൺസിലിംഗ് സംവിധാനങ്ങൾഏർപ്പെടുത്തും

.

ഹരിതകേരളം മിഷന്റെ ഭാഗമായിട്ടുള്ള ശുചിത്വപ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് മാലിന്യസംസ്കരണപദ്ധതികൾ ആവിഷ്കരിക്കും. ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കും. അജൈവമാലിന്യം ശേഖരിച്ച് പുനചംക്രമണം നടത്തി ഉപയോഗിക്കുക എന്നതാണ് സമീപനം. ജൈവമാലിന്യങ്ങൾ ജൈവവള ഉത്പാദനത്തിനും ഊർജ്ജോത്പ്പാദനത്തിനും പ്രയോജനപ്പെടുത്തുക എന്നതായിരിക്കും ലക്ഷ്യം.

സംസ്ഥാനസർക്കാർ ആവിഷ്കരിച്ചുട്ടുള്ള സമ്പൂർണ്ണസുരക്ഷാ പാർപ്പിടപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾപാലിച്ചുകൊണ്ട് നഗരത്തിലെ പാർപ്പിടപ്രശ്നങ്ങൾപരിഹരിക്കുവാനുള്ള നടപടികള് സ്വീകരിക്കും.

എല്ലാവർക്കും എന്നും ശുദ്ധമായകുടിവെള്ളലഭ്യത എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ജലവിഭവസംരക്ഷണപ്രവർത്തനങ്ങൾഹരിതകേരളം മിഷന്റെ പ്രവർത്തന ങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കും.ജലവിതരണ പ്രവർത്തനങ്ങളോടൊപ്പം ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും മുൻഗണന നൽകും.

വൈദ്യുതി എത്താത്ത എല്ലാ പ്രദേശങ്ങളിലേക്കും വീടുകളിലേക്കും വൈദ്യുതി എത്തിക്കും. സൌരോർജ്ജ ഉത്പ്പാദനയൂണിറ്റുകൾസ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുകയും പ്രേരണ നൽകുകയും ചെയ്യും.

സാമൂഹ്യനീതി ആവശ്യമായ എല്ലാ വിഭാഗങ്ങളുടേയും, കുട്ടികൾവിവിധ തരത്തിലുള്ള അവശതയനുഭവിക്കുന്ന സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർതുടങ്ങി എല്ലാവരുടേയും ക്ഷേമവികസനപുനരധിവാസപ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതികൾഏറ്റെടുക്കും.

അങ്കണവാടികളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കും.

നഗരസഭയ്ക്ക് ഏറ്റെടുക്കാവുന്ന ഭക്ഷണവിതരണപരിപാടികള് ഏറ്റെടുത്ത് കുറ്റമറ്റ രീതിയിൽനടപ്പാക്കും.

കായികവിനോദസൌകര്യങ്ങൾവർദ്ധിപ്പിക്കും. കലാസാംസ്കാരിക രംഗത്തെ ഇടപെടലു കള് ശക്തമാക്കും.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽഎത്തിക്കുക എന്നതിനുള്ള തുടർപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും.

വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പദ്ധതികൾഏറ്റെടുത്ത് നടപ്പാക്കും

.

കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗവിഭാഗക്കാര് എന്നിവരുടെ പ്രശ്നങ്ങൾപരി ഹരിക്കുന്നതിനുള്ള നടപടികൾസ്വീകരിക്കും.

വയോജനക്ഷേമം, പാലിയേറ്റീവ് കെയർഎന്നിവകൾക്ക് സവിശേഷ ശ്രദ്ധ നല്കും.

ഇതരസംസ്ഥാനത്തൊഴിലാളികളുടെ ക്ഷേമത്തിനും അവർക്ക് ആരോഗ്യകരമായ താമസസൌകര്യങ്ങൾലഭിക്കുന്നതിനും നടപടികള് സ്വീകരിക്കും.

നഗരത്തിലുള്ള എൻആർഐ ഗണത്തിൽപെട്ടവരുടെ ക്ഷേമം ഉറപ്പുവരുത്തും

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള ആസ്തികള് സംക്ഷിക്കുന്നതിന് ആവശ്യമായ പദ്ധതികള് ആവിഷ്കരിച്ചു നടപ്പാക്കും.

നഗരം നേരിടുന്ന അതീവഗുരുതരമായ പ്രശ്നം ഗതാഗതരംഗത്താണ്. ഇതു സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി പ്രശ്നപരിഹാരത്തിനാവശ്യമായ നടപടികള് സ്വീകരിക്കും.

നടപ്പാതനിർമ്മാണം, തെരുവിളക്കുകൾ, റോഡ് സംരക്ഷണം, കവലകളുടെ നവീകരണം, ഓട്ടോ-ടാക്സി സ്റ്റാന്റുകൾ, ബസ് ബേകൾ, വഴിയോരകച്ചവടക്കാരുടെ സൌകര്യങ്ങൾ, പ്രധാന

നഗരകേന്ദ്രങ്ങളിൽവാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ, ഓടകളുടെ നിർമ്മാണം എന്നിവകളടക്കമുള്ള പശ്ചാത്തലസൌകര്യങ്ങൾഏർപ്പെടുത്തുന്നതിനാവശ്യമായ പഠനങ്ങളും നടപടികളും സ്വീകരിക്കും.
പരിസ്ഥിതിയുടേയും പ്രകൃതിവിഭവങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്തും.

നഗരവികസനത്തിലായി പദ്ധതികൾതയ്യാറാക്കുമ്പോൾസ്ഥലപരമായ മാനങ്ങൾകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഓരോ പദ്ധതിയും ഏതു പ്രദേശത്തേക്കാണോ ആവിഷ്കരിച്ചിരിക്കുന്നത് ആ പദ്ധതി ആ പ്രദേശത്തിലെ താമസക്കാർക്കും അവിടത്തെ നിലവിലെ ഭൂഉപയോഗത്തിനും അനുയോജ്യമായിരിക്കണം. ഭൂമിയുടെ ഉപയോഗത്തിനുള്ള നിയന്ത്രണം പൊതുജനനന്മയ്ക്കുള്ളതാണെന്ന് കണക്കാക്കി വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽഭൂമിയുടെ ഉപയോഗത്തിനുള്ള നിയന്ത്രണങ്ങൾകൊണ്ടുവരുന്നതാണ്.

സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണതത്വങ്ങൾഉൾക്കൊണ്ടുകൊണ്ട് നീതിപൂർവ്വവും നിയമവാഴ്ചയിലധിഷ്ഠിതവുമായ ഒരു ഭരണം കാഴ്ചവയ്ക്കുന്നതിനാവശ്യമായ പദ്ധതി രൂപപ്പെടുത്തി നടപ്പാക്കുന്നതാണ്. നഗരസഭയെ ജനസൌഹൃദമാക്കുക,മാലിന്യമുക്തമാക്കുക,നഗരസൌന്ദര്യ വൽക്കരണം, ശാസ്ത്രീയ മാനില്യ സംസ്ക്കരണം., സീറോ ഫയൽനഗരസഭയാക്കുക, കടലാസ് രഹിത നഗരസഭയാക്കുക, നഗരസഭയെ ദ്രുതഗതിയിലുള്ള സേവനം പ്രദാനം ചെയ്യുക, സ്വയംപര്യാപ്തമായ നഗരസഭയാക്കുക എന്നീ ദീർഘകാല ലക്ഷ്യങ്ങൾ സാധിതപ്രായമാക്കാനുള്ള പദ്ധതികൾആവിഷ്കരിച്ച് നടപ്പാക്കുന്നതായിരിക്കും.

# അദ്ധ്യായം 5

## മൂവാറ്റുപുഴ നഗരസഭ

## പതിനാലാം പഞ്ചവത്സര പദ്ധതി

